**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഐ.എ.വൈ ഒഴികെയുള്ള വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ധനസഹായം ലഭിച്ച് പൂർത്തിയാക്കാതെ പാതിവഴിയിൽ ഉപേക്ഷിച്ച കേസുകളിൽ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനായി ധനസഹായം അനുവദിയ്ക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ (സാധാ)നം. 3033/13/തസ്വഭവ തിരുവനന്തപുരം, തീയതി: 10.12.2013.

==========================================================

പരാമർശം:- 1) സ.ഉ (സാധാ)നം.497/2011/തസ്വഭവ തീയതി: 17.02.2012.

2) സ.ഉ(എം.എസ്)നം.52/12/തസ്വഭവ തീയതി: 27.02.2012.

3) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.11.2013-ലെ 2.2 നമ്പർ തീരുമാനം.

**<u>ഉത്തരവ്</u>**

ഐ.എ.വൈ ഒഴികെയുള്ള വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ മുൻകാലങ്ങളിൽ ധനസഹായം ലഭിച്ച് പണി പൂർത്തിയാക്കാതെ പാതിവഴിയിൽ ഉപേക്ഷിച്ച കേസുകളിൽ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് മുൻഗണന നൽകേണ്ടതാണെന്ന് പരാമർശം (3) പ്രകാരം തീരുമാനിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

ഭവന നിർമ്മാണത്തിനായി ആദ്യ ഗഡുക്കൾ വാങ്ങിയ ശേഷം പണിപൂർത്തിയാകാതെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും കിടക്കുന്ന വീടുകളുടെ സ്ഥിതി ബന്ധപ്പെട്ട എഞ്ചിനീയറുടെ മേൽനോട്ടത്തിൽ ഓരോ കേസും പ്രത്യേകമായി പരിശോധിച്ച് വിവരങ്ങൾ ശേഖരിയ്ക്കാൻ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നടപടി സ്വീകരിയ്ക്കേണ്ടതാണ്.

പരാമർശം (2) പ്രകാരം ഇപ്പോൾ നിലവിലുള്ള ധനസഹായ നിരക്കിന് (unit assistance) ആനുപാതികമായി ഓരോ ഘട്ടങ്ങളിലെയും പൂർത്തീകരണത്തിന് അനുസൃതമായി അധിക ധനസഹായം നൽകേണ്ടതാണ്. എന്നാൽ ഓരോ ഭവന നിർമ്മാണ പദ്ധതിയിലെയും എല്ലാ ഗഡുക്കളും സ്വീകരിച്ചവർക്ക് ഇതിന് അർഹത ഉണ്ടായിരിയ്ക്കുന്നതല്ല.

(.....2)

ഇപ്രകാരം അധിക ധനസഹായം നൽകുമ്പോൾ ഭവന നിർമ്മാണം പൂർത്തിയാകുന്നുവെന്ന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം ഉറപ്പാക്കേണ്ടതാണ്. തൽസംബന്ധമായ സ്ഥിതി വിവരക്കണക്കുകൾ സമർപ്പിയ്ക്കാൻ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**സി. വൽസല**

ഗവ. ജോയിന്റ് സെക്രട്ടറി

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും.
പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്.
സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്.
സെക്രട്ടറി, സഹകരണ വകുപ്പ്.
സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.
രജിസ്ട്രാർ, സഹകരണ സംഘം, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം.
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ.
ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ ജില്ലാ പ്ളാനിംഗ് ഓഫീസർമാർക്കും.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ/ജനറൽമാർക്കും.
എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

(. . . . .3)

ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ.
സെക്രട്ടറി, കേരള ബ്ളോക്ക് പഞ്ചായത്ത് അസോസിയേഷൻ.
സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി. എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
മെമ്പർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ